(സി) പുതിയ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മറ്റു വകുപ്പുകളിൽ നിന്നുള്ള അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ; പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ഇറിഗേഷൻ, ഭൂജല വകുപ്പ്, KSEB തുടങ്ങിയവയുമായി ബന്ധപ്പെട്ട് ജലലഭ്യത ഉറപ്പുവരുത്താറുണ്ട്. സ്രോതസ്സുകളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കിയാണ് ജൽ ജീവനിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നത്.

മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

224(530) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ തഴക്കര ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കുംവേണ്ടി അച്ചൻകോവിൽ നദി സ്രോതസ്സാക്കികൊണ്ടുള്ള കിണർ, കേരള വാട്ടർ അതോറിറ്റി മാവേലിക്കര സബ് ഡിവിഷൻ ആഫീസ് കോമ്പൗണ്ടിൽ 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, ഉന്നതതല ജല സംഭരണികൾ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ പ്രവൃത്തികൾ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി പദ്ധതി റിപ്പോർട്ട് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അനുമതിക്കായി നൽകിയിരുന്നെങ്കിലും അനുമതി നൽകികൊണ്ടുള്ള പഞ്ചായത്ത് തീരുമാനം ലഭിച്ചിട്ടില്ല. കൂടാതെ ഉന്നതതല ജലസംഭരണികൾക്കുള്ള സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തഴക്കര ഗ്രാമ പഞ്ചായത്തിനെയും സമീപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രാവർത്തികമാവുന്നതിന് മേൽ പ്രവൃത്തികൾക്കൊപ്പം പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെടെയുള്ള പൊതു ഘടകങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള വിതരണ സംവിധാനങ്ങൾക്കുമായുള്ള പ്രവൃത്തികൾക്കും അനുയോജ്യമായ ഫണ്ടിംഗ് ഏജൻസിയിൽനിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ കുറിഞ്ഞിക്കാട് കുടിവെള്ള പദ്ധതി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) വള്ളിക്കുന്നം, തെക്കേക്കര, ഭരണിക്കാവ്, കൃഷ്ണപുരം എന്നീ പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993-ൽ ഭരണാനുമതി നൽകിയ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് കുറത്തിക്കാട് ഉന്നതതല ജല സംഭരണി. ഈ പദ്ധതിയുടെ മിക്ക ഘടകങ്ങളും ഏകദേശം 20 വർഷങ്ങൾക്കുമുമ്പ് തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റെയിൽവേയുടെ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ല. റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി പൈപ്പ് ബ്രിഡ്ജ് സ്ഥാപിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 2017-ൽ റെയിൽവേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 27-4-2021-ൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 7-7-2021-ൽ സ്ഥലം എം.പി.-യും റെയിൽവേ ഡിവിഷണൽ മാനേജരുമായി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം ലഭിച്ചതനുസരിച്ച് റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനായി പൈപ്പ് ബ്രിഡ്ജിന്റെ രൂപകല്പനയും ഡ്രോയിങ്ങും തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ജലവിതരണ പദ്ധതികൾ

225(531) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ, ഹഡ്കോ, ചൊവ്വര തുടങ്ങിയ നിരവധി ജലവിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടും പൂർണ്ണമായും ജലത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?